# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5008</u> <u>24.10.2011-ൽ മറുപടിക്ക്</u>

## <u>ജനനി സുരക്ഷ യോജന</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ : | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) ജനനി സുരക്ഷ യോജന പ്രകാരം ബി.പി.എൽ കുടുംബാംഗമായ അമ്മമാർക്ക് നൽകിവരുന്ന സാമ്പത്തികസഹായം എത്ര രൂപയാണ് എന്ന് വ്യക്തമാക്കാമോ ; യാത്രാ ചെലവിനത്തിൽ എത്ര രൂപ നൽകുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ; | (എ) പത്തൊൻപത് വയസ്സിനു മുകളിൽ പ്രായമുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള സ്ത്രീകൾക്കും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകൾക്കും (വരുമാന പരിധി ബാധകമല്ലാതെ) ആദ്യത്തെ രണ്ടു സജീവ പ്രസവങ്ങൾക്ക് താഴെപ്പറയും പ്രകാരം സാമ്പത്തിക സഹായം നൽകിവരുന്നു.<br>• ഗ്രാമീണമേഖലയിലുള്ള സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 700 രൂപയും<br>• നഗരപ്രദേശങ്ങളിലെ സ്ത്രീകൾക്ക് ആശുപത്രിയിൽ നടക്കുന്ന പ്രസവത്തിന് 600 രൂപയും<br>• വീട്ടിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്ക് 500 രൂപയും<br>• അംഗീകൃത സ്വകാര്യ ആശുപത്രിയിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്കും മേൽപ്പറഞ്ഞ രീതിയിൽ ധനസഹായം ലഭിക്കുന്നതാണ്.<br>യാത്രാചെലവിനായി പ്രത്യേക തുക നൽകുന്നില്ല. |
| (ബി) ബി.പി.എൽ കുടുംബാംഗത്തിന് നൽകി വരുന്ന പ്രസ്തുത സാമ്പത്തിക സഹായം എ.പി.എൽ കുടുംബാംഗങ്ങൾക്കും കൂടി ലഭിക്കത്തക്കവിധം മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുമോ ? | (ബി) ജെ.എസ്.വൈ പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ പദ്ധതിയാണ്. ഇതിന്റെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ